**10th Kottayam District Sub-Junior Throwball Championship 2023-24 for boys and girls**

# PAPER CUTTINGS OF THE CHAMPIONSHIP

## മേരി മാതാ സ്പോർട്സ് അക്കാഡമിക്ക് ഇരട്ട കിരീടം

മനോരമ ലേഖകൻ
JULY 02, 2023 12:50 PM IST



പൊൻകുന്നം● ശ്രേയസ് പബ്ലിക് സ്കൂളിൽ വച്ച് സമാപിച്ച 10- മത് കോട്ടയം ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ സെന്റ് ജോസഫ് സ്കൂൾ നാലുകൊടിയേ പരാജയപ്പെടുത്തി മേരി മാതാ സ്പോർട്സ് അക്കാദമി ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി (16-14,,15-12 ), പെൺകുട്ടികളുടെ വിഭാഗത്തിൽ ഗുഡ് ഷേപ്പേർഡ് ത്രോബോൾ അക്കാദമിയെ പരിചയപ്പെടുത്തി മേരി മാതാ സ്പോർട്സ്

## ത്രോബോൾ: മേരി മാതാ സ്പോർട്സ് അക്കാദമിക്ക് ഇരട്ടക്കിരീടം

**പൊൻകുന്നം**

ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗങ്ങളിൽ കടപ്ലാമറ്റം മേരിമാതാ സ്പോർട്സ് അക്കാദമി ചാമ്പ്യന്മാരായി. ആൺകുട്ടികളുടെ വിഭാഗത്തിൽ നാലുകോടി സെന്റ് ജോസഫ് സ്കൂളിനെ പരാജയപ്പെടുത്തിയപ്പോൾ പെൺകുട്ടികളുടെ വിഭാഗത്തിൽ ഗുഡ് ഷെപ്പേർഡ് ത്രോബോൾ അക്കാദമിയെ കീഴടക്കിയാണ് മേരിമാതാ കിരീടമണിഞ്ഞത്.

ആൺകുട്ടികളിൽ തെങ്ങണാ ഗുഡ് ഷെപ്പേർഡ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ ലിറ്റിൽഫ്ലവർ മുണ്ടത്താനവുമാണ് മൂന്നാം സ്ഥാനത്ത്. പൊൻകുന്നം പൊലീസ് ഇൻസ്പെക്ടർ എൻ രാജേഷ് ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. ജില്ലാ ത്രോബോൾ അസോസിയേഷൻ സെക്രട്ടറി ജോജിമോൻ ദേവസ്യ, വൈസ് പ്രസിഡന്റ് അനിൽ ജോർജ്, സ്കൂൾ പ്രിൻസിപ്പൽ കെ സി രതീഷ് എന്നിവർ സംസാരിച്ചു.

എട്ട്, ഒമ്പത് തീയതികളിൽ കോഴിക്കോട്ട് നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിനുള്ള ടീമുകളെ ചാമ്പ്യൻഷിപ്പിൽനിന്ന് തെരഞ്ഞെടുത്തു. വിജയികൾക്ക് പൊൻകുന്നം ഗ്രേഡ് എസ്ഐ അഭിലാഷ് സമ്മാനങ്ങൾ വിതരണംചെയ്തു.

## ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പ്

**കോട്ടയം**

ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് ജൂലൈ 1,2 തീയതികളിൽ നടക്കും. പൊൻകുന്നം ശ്രേയസ് പബ്ലിക് സ്കൂളിലാണ് മത്സരം. 2009 ജനുവരി ഒന്നിന് ശേഷം ജനിച്ചവർക്ക് പങ്കെടുക്കാം. 28ന് മുമ്പ് www.throwballkerala.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണം. ഫോൺ: 9497465690, 7907963835.

## ത്രോബോൾ ചാമ്പ്യൻഷിപ്പ്

**കോട്ടയം:** ജില്ലാ സബ്ജൂണിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് ജൂലൈ ഒന്ന്, രണ്ട് തീയതികളിൽ പൊൻകുന്നം ശ്രേയസ് പബ്ലിക് സ്കൂളിൽ നടക്കും. 2009 ജനുവരി ഒന്നിനുശേഷം ജനിച്ച കുട്ടികൾക്ക് പങ്കെടുക്കാം. 9497465690, 7907963835.

മംഗളം

## സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

**കോട്ടയം:** ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് ജൂലൈ ഒന്ന്, രണ്ട് തീയതികളിൽ പൊൻകുന്നം പബ്ലിക് സ്കൂളിൽ നടത്തും. 1.1.2009നു ശേഷം ജനിച്ച കുട്ടികൾക്ക് പങ്കെടുക്കാം. 28ന് മുമ്പായി www.throwballkerala.com എന്ന വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യണം. ഫോൺ: 94974 65690, 79079 63835